

## യേശുക്രിസ്തു

1. ലോകത്തിലേക്കു വന്നു -1തിമൊ 1:15, മത്തായി 17:10
2. ജഡത്തിൽ ജനിച്ചു- യോഹന്നാൻ 1:14, യോഹന്നാൻ 4:1-3
3. സ്ത്രീയിൽ നിന്ന് ജനിച്ചു- ഗലാത്യർ 4:4, യെശയ്യാവ് 7:14
4. മനുഷ്യപുത്രനായി തീർന്നു-ഫിലിപ്പിയർ 2:5-8; ലൂക്കൊസ് 19:10
5. ദരിദ്രനാകുവാൻ ധനം ഉപേക്ഷിച്ചു- 2കൊരിന്ത്യർ6:9; ലൂക്കൊസ് 9:38
6. മനുഷ്യരാൽ ത്യജിക്കപ്പെട്ടു- യോഹന്നാൻ 1:11,12; യെശയ്യാവ് 57:3
7. ദു:ഖമനുഷ്യനായി തീർന്നു- യെശയ്യാവ് 52:3; മത്തായി 23:37
8. മനുഷ്യരാൽ മരണത്തിനു ഏല്പിച്ചുകൊടുത്തു-ലൂക്കൊസ് 24:46 മത്തായി 16:21
9. ഭൂമിയിൽ ശപിക്കപ്പെട്ടവനായിതീർന്നു- ഗലാത്യർ 3:13
10. നമുക്കു വേണ്ടി പാപമായിതീർന്നു - 2കൊരിന്ത്യർ 5:21

## നമുക്ക്

1. സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ- യോഹന്നാൻ 14:1-3, 2കൊരിന്ത്യർ6:1
2. ആത്മാവിൽ ജനിക്കേണ്ടതിന്നു- യോഹന്നാൻ 3:5 1 പത്രൊസ് 1:23
3. ദൈവത്താൽ ജനിക്കേണ്ടതിനു യോഹന്നാൻ 1:11-13, യോഹന്നാൻ 5:4
4. ദൈവമക്കൾ ആകേണ്ടതിന്നു- 1യോഹന്നാൻ 3:1-3; ഗലാത്യർ 4:6
5. ധനികരാകുവാൻ ദാരിദ്ര്യം ഉപേക്ഷിച്ചു-2കൊരിന്ത്യർ 8:9; എഫെസ്യർ 2:7
6. ദൈവത്താൽ സ്വീകരിക്കപ്പെട്ടു- എഫെസ്യർ 1:6 പ്രവൃത്തി 10:34
7. തേജസിന്റെ മക്കൾ ആയി തീർന്നു- ഫിലിപ്പിയർ 4:4; 1പത്രൊസ് 4:13
8. ദൈവത്താൽ ജീവനുള്ളവരായിതീർന്നു. കൊലൊസ്യർ 2:13;എഫെസ്യർ2:1
9. സ്വർഗ്ഗത്തിൽ അനുഗ്രഹിക്കപ്പെട്ടവനാകുവാൻ-ഗലാത്യർ 3:14
10. ദൈവത്താൽ നീതീകരിക്കപ്പെടുവാൻ-2കൊരിന്ത്യർ 5: 21

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 15** **April 2001** **No. 1**


## എഡിറേറാറിയൽ

പ്രപഞ്ചം ദൈവ സൃഷ്ടിയാണ്. അതിന്റെ ഘടനയും പ്രവർത്തനവും ദൈവ നിയന്ത്രണത്തിൽ തന്നെയാണ്. ശാസ്ത്രം എന്ന വിഷയം ലോകത്തിൽ പ്രസിദ്ധവും ഗവേഷണത്തിനു വിധേയമായികൊണ്ടിരിക്കുന്നവയുമാണ്. മനുഷ്യരുടെ ബുദ്ധികൊണ്ടു ചിന്തിക്കുന്നതു മാനുഷികമായ അറിവുവെച്ചുകൊണ്ടാണ്. അതിനാൽ ഗവേഷകരുടെ ഗവേഷണ ഫലം പലപ്പോഴും മാറികൊണ്ടിരിക്കും. ഒരിക്കൽ അവർ നടത്തിയ കണ്ടുപിടിത്ത ഫലം പിന്നീട് വരുന്നവർ മാററി പറയുന്നുണ്ട്. അതു തെളിയിക്കുന്നതെന്തെന്നാൽ അവർക്കു ലഭിച്ചിരിക്കുന്ന പ്രാപഞ്ചിക ജ്ഞാനം ശരിയല്ല എന്നതാണ്. ശാസ്ത്രം പഠിക്കുന്ന വിദ്യാർത്ഥികൾക്കും അതു പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും ആശയ കുഴപ്പം സംഭവിക്കുന്നതു ഇതുകൊണ്ടാണ്. ഇതൊഴിവാക്കുവാൻ ശരിയായ അറിവു നേടുകയാണ് വേണ്ടതു. അതിനു എന്താണ് വേണ്ടത് ? ഉറവിടവും നിർമ്മാതാവും എവിടെയാണെന്നു മനസിലായാൽ കാര്യം വളരെ വ്യക്തമാകും.

പ്രപഞ്ചത്തെ സൃഷ്ടിച്ചതു ദൈവമാണെന്ന സത്യത്തിലേക്കു ഇവർ തിരിയണം. അപ്പോൾ അവർ തെററിദ്ധരിക്കേണ്ട ആവശ്യമില്ല. ദൈവിക പരിജ്ഞാന പ്രകാരം പ്രപഞ്ചത്തിന്റെ ഘടനയും പ്രവർത്തനവും നിലനില്പും മനസിലാക്കാം. അങ്ങനെ ആയാൽ അറിവു മാറേറ

ണ്ട ആവശ്യമില്ല. ഗവേഷകന്മാരുടെ നിരീക്ഷണത്തിൽ ഗ്രഹങ്ങൾക്കു ചലനം സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന തണ്ണ് കണ്ടെത്തിയിരിക്കുന്നതു. ആകാശത്തിൽ മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളാൽ ഭൂമിക്കും വെള്ളത്തിനും ചലനങ്ങൾ ഉണ്ടാകുന്നതു ആളുകളെ പരിഭ്രാന്തിയിലാക്കുന്നു. പ്രകൃതിയിൽ ഉണ്ടാകുന്ന ഇത്തരം പ്രതിഭാസങ്ങളെ ആളുകൾ വിലയിരുത്തുന്നതു പല വിധത്തിലാണ്. ഇതു കുറയുകയല്ല; കൂടിവരികയാണ്. ഏതെങ്കിലും ഒരു രാജ്യത്തു മാത്രം ഇതു ഒതുങ്ങിനില്ക്കുന്നില്ല. പൊതുവായി പല ഭാഗങ്ങളിലും ഇതുണ്ടാകുന്നുണ്ട്. യഥാർത്ഥ കാരണം നാം പരിശോധിക്കയും തരണം ചെയ്യേണ്ടതിനെ കുറിച്ചു ബോധ്യമുള്ളവരാകയും വേണം. ഈ കാണപ്പെടുന്ന പ്രപഞ്ചവും പ്രപഞ്ചവസ്തുക്കളും ഉണ്ടാക്കിയ സൃഷ്ടികർത്താവിന്റെ ഉദ്ദേശം നാം അറിയേണ്ടതുണ്ട്. ഉപയോഗിക്കേണ്ട വിധത്തിൽ നാം വസ്തുക്കളെ ഉപയോഗിക്കണം. അല്ലെങ്കിൽ ഫലം വ്യത്യസ്തമാകും.

മാറിക്കൊണ്ടിരിക്കുന്ന മനുഷ്യ ജീവിതം തന്നെയാണ് ഈ സംഭവങ്ങൾക്കുള്ള മുഖ്യ കാരണം. ആളുകൾ വിശ്വസിച്ചാലും ഇല്ലെങ്കിലും അതാണ് സത്യം. പ്രപഞ്ചത്തിന്റെ നിലനില്പു തന്നെ അപകടത്തിലെത്തുവാൻ ദൈവകോപം കാരണമായി തീരുന്നു. ദൈവത്തെ അനുസരിക്കാതെ ദൈവത്തോടു മത്സരിച്ചു ജീവിക്കുന്നവർ ആണ് ഇതിനു കാരണം. ദൈവം ഒരു പ്രത്യേക സമയത്തു ഓരോ സൂചനകൾ നല്കും. മാനസാന്തരപ്പെട്ടു ദൈവത്തിലേക്കു വരുവാൻ ആഗ്രഹിക്കുന്നവർക്കു അവസരം കൊടുക്കുകയാണ്. അകൃത്യത്തിന്റെ പാനപാത്രം മനുഷ്യരിൽ നിറഞ്ഞു കവിയുമ്പോൾ ദൈവത്തിന്റെ ക്രോധം പ്രകടിപ്പിക്കും. അവനവന്റെ പ്രവൃത്തിദോഷമാണ് നേരിടുന്ന ദുരിതത്തിനു കാരണമെന്നു ആളുകൾ കരുതുന്നില്ല.

★

# കർത്താവിൻെറ പ്രാർത്ഥന

## J. C. ചോട്ട്

കർത്താവിൻെറ പ്രാർത്ഥന എന്നു പറഞ്ഞു കേട്ടിട്ടുണ്ടോ ? യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കിടയിൽ പറഞ്ഞു കേൾക്കാറുള്ള ഒന്നാണ് കർത്താവിൻെറ പ്രാർത്ഥന. അവർ തങ്ങളുടെ ആരാധനയിലും പാട്ടിലും ഇതു പ്രയോഗിച്ചു വരുന്നുണ്ട്. ഈ വിധത്തിൽ അതുപയോഗിക്കാത്തവരെ അവർ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യാറുണ്ട്. അതിൻെറ വിശദാംശത്തിലേക്കു നമുക്കു കടക്കാം.

മത്തായി ആറാം അദ്ധ്യായത്തിലാണ് ''കർത്താവിൻെറ പ്രാർത്ഥന'' എന്ന പേരിൽ അറിയപ്പെടുന്നതു വിവരിച്ചിരിക്കുന്നതു. അവിടെ യേശു തൻെറ ശിഷ്യന്മാരോടു പറഞ്ഞതു: നിങ്ങൾ ഈ വണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ നാമം വിശുദ്ധീകരിക്കപ്പെടേണമെ, നിൻെറ രാജ്യം വരേണമേ; ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ; ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ; രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലൊ (മത്തായി 6:9-13).

ഈ പ്രാർത്ഥനയെ സംബന്ധിച്ച് വെറും വ്യത്യാസം എടുത്തു കാണിക്കാൻ വേണ്ടി വിവരിക്കുന്ന ഒരു വിവരണമല്ല നമ്മുടേത്. നിഷേധാത്മകമായോ വിമർശനാത്മകമായോ ആളുകളെ കാണുകയുമല്ല ഞങ്ങളുടെ ലക്ഷ്യം. എങ്കിലും ഇതു കർത്താവിൻെറ പ്രാർത്ഥനയല്ല എന്ന സത്യം തുറന്നു പറയട്ടെ. കർത്താവിൻെറ പ്രാർത്ഥന എന്ന രീതിയിൽ അതു കണക്കാക്കണമെന്ന ഉദ്ദേശവും യേശുവി

നില്ലായിരുന്നു. വചനം ഒരിക്കലും ഇതു കർത്താവിന്റെ പ്രാർത്ഥന എന്ന രീതിയിൽ പഠിപ്പിക്കുന്നില്ല. എന്നാൽ ഈ വാക്യങ്ങളുടെ ഉദ്ദേശം എന്താണ്? എന്തിനു വേണ്ടിയാണ് കർത്താവു അതു പഠിപ്പിച്ചത്?

ഈ സന്ദർഭത്തിൽ ക്രിസ്തു, ശിഷ്യന്മാരെ ആരാധന എങ്ങനെയായിരിക്കണം എന്നു പഠിപ്പിക്കുന്നു. ആരാധനയുടെ ഭാഗമാണല്ലോ പ്രാർത്ഥന. ആദ്യം അവൻ കപട വിശ്വാസികളുടെ വഴിപാടുകളിൽ അടങ്ങിയ ഉദ്ദേശത്തെ കുറ്റപ്പെടുത്തുന്നുണ്ട്. ഭിക്ഷ കൊടുക്കുന്നവരിൽ അധികം പേരും മനുഷ്യരെ കാണിക്കേണ്ടതിനു എല്ലാവരും കാണത്തക്കവണ്ണം ആണ് കൊടുക്കുന്നത്. ചിലർ ദാനങ്ങളും, സംഭാവനകളും എന്നിവ കൊടുക്കുന്നതിനു മുൻപ് കാഹളം ഊതി ആളുകളെ വിളിച്ചറിയിക്കാറുണ്ട്. ഇതു മനസിലാക്കിയ യേശു അവരെ പഠിപ്പിച്ചതു: അവർ ചെയ്യുന്നതു രഹസ്യത്തിലമയാൽ അതു കാണുന്ന പിതാവ് അതിനു പ്രതിഫലം പരസ്യമായി നല്കും. ഇടതുകൈ ചെയ്യുന്നതു വലതു കൈ അറിയരുതെന്നാണ് കർത്താവു പറഞ്ഞതു.

തന്നെയുമല്ല, പരസ്യമായി, ദീർഘമായിട്ടും ആവർത്തിച്ചും ഉച്ചത്തിൽ പ്രാർത്ഥിക്കുന്നവരുടെ തെറ്റും യേശു ചൂണ്ടി കാണിക്കുന്നുണ്ട്. അവർ മനുഷ്യരെ കേൾപ്പിക്കേണ്ടതിനു വൃഥാ ജല്പനം ചെയ്യുന്നു എന്നാണ് കർത്താവു പറഞ്ഞതു. അവൻ അവരോടു പറഞ്ഞതു: നീയോ അറയിൽ കടന്നു വാതിൽ അടെച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും. പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നതു. നിങ്ങൾക്കു ആവശ്യമുള്ളതു എന്തെന്നു നിങ്ങൾ യാചിക്കുന്നതിനു മുൻപു തന്നെ ദൈവത്തിനറിയാമല്ലോ.

ഇതെല്ലാം പറഞ്ഞശേഷം യേശു, തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കേണ്ടതു എങ്ങനെ എന്നു പഠിപ്പിക്കുന്നുണ്ട്. ഇതു കർത്താവിന്റെ പ്രാർത്ഥനയായിരുന്നില്ല; മറിച്ച് ഒരു മാതൃകാ പ്രാർത്ഥനയായിരുന്നു. കർത്താവു പറഞ്ഞതു അതു തന്നെയാണ്. ഇതുപോലെ പ്രാർത്ഥിപ്പാൻ എന്നാണ്. കർത്താവിന്റെ പ്രാർത്ഥന എന്നതു വാസ്തവത്തിൽ നമുക്കു യോഹന്നാൻ പതിനേഴാം അദ്ധ്യായത്തിൽ കാണുന്നുണ്ട്. തന്റെ ശിഷ്യന്മാർ ഐകമത്യത്തിൽ തന്നെ നിലനില്ക്കേണ്ടതിനും തന്നിൽ വിശ്വസിപ്പാനിരിക്കുന്നവർ ഒന്നായിരിക്കേണ്ടതിനും കർത്താവു പ്രാർത്ഥിക്കുന്നുണ്ട്. ലോകത്തുള്ള ആളുകൾ യേശുക്രിസ്തുവിൽ വിശ്വസിക്കേണ്ടതിനു അവരെല്ലാവരും ഒന്നായിരിക്കണം. അതായിരുന്നു ക്രിസ്തുവിന്റെ പ്രാർത്ഥന.

മത്തായി ആറാം അദ്ധ്യായത്തിലെ പ്രാർത്ഥന കർത്താവിന്റെ പ്രാർത്ഥനയല്ലെന്നതിനു പുറമെ നാം അതു പ്രാർത്ഥിക്കണമെന്നും അവൻ ആഗ്രഹിച്ചിരുന്നില്ല. ആ ഭാഗം താഴോട്ടു വായിച്ചാൽ അതു ആ കാലത്തിനു യോജിച്ച ഒന്നായിരുന്നു എന്നു മനസിലാകും. അതു മുഴുവൻ പരിശോധിച്ചാൽ നമ്മുടെ കാലത്തിനുള്ളതല്ലെന്നു വ്യക്തമാകും. എന്തുകൊണ്ടാണ് എന്നതിനു ചില കാരണങ്ങൾ നമുക്കു പരിഗണിക്കാം.

1. യോഹന്നാൻ 14:13 വായിച്ചാൽ കർത്താവിന്റെ പ്രസ്താവനയനുസരിച്ച് സ്വർഗ്ഗാരോഹണശേഷം തന്റെ രാജ്യം അവൻ സ്ഥാപിക്കും എന്നരുളപ്പാടുണ്ടായിരുന്നല്ലോ. തന്നെയുമല്ല, ശിഷ്യന്മാരോടു പ്രാർത്ഥിക്കാൻ അന്നു ആവശ്യപ്പെടുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനോടു പ്രാർത്ഥിക്കാനാണ് ആവശ്യപ്പെടുന്നത്. ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണമെന്നു പറഞ്ഞിരുന്നില്ല.

2 കർത്താവു തന്റെ ആത്മിയ രാജ്യം സ്ഥാപിക്കുന്നതിനു മുൻപാണ് മത്തായി ആറാം അദ്ധ്യായത്തിൽ

പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നത്. രാജ്യത്തെ കുറിച്ച് പ്രവചിക്കയും വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ അതു വരേണ്ടിയിരുന്നു. അതുകൊണ്ടാണ് അവന്റെ രാജ്യം വരേണമേ എന്നു പ്രാർത്ഥിക്കാൻ പഠിപ്പിച്ചത്. ഇന്നു നമ്മുടെ കാലത്തു ആ പ്രസ്താവന അനുയോജ്യമല്ല. കാരണം, യേശു മരിച്ച്, ഉയിർത്തെഴുന്നേററശേഷം അധിക നാൾ കഴിയുന്നതിനു മുൻപ് ദൈവരാജ്യമായ അവന്റെ സഭ ആരംഭിച്ചു കഴിഞ്ഞു. എ. ഡി. 33-ൽ അതു യെരുശലേമിൽ ആണ് ആരംഭിച്ചത്.

ക്രിസ്തുവിൽ വിശ്വസിക്കുന്ന പലരും ഇതു കർത്താവിന്റെ പ്രാർത്ഥനയെന്ന ധാരണയാൽ വാക്കു തെററാതെ ആവർത്തിച്ചാവർത്തിച്ച് ദിവസവും ഉരുവിടുന്നുണ്ട്. കർത്താവിന്റെ രാജ്യം ആരംഭിച്ച് രണ്ടായിരം വർഷം കഴിഞ്ഞിട്ടും രാജ്യം വരേണമേ എന്നു ഇന്നും പ്രാർത്ഥിക്കുന്നതു അനുചിതം തന്നെയാണ്. ഒരാൾ തനിക്കു ഒരു ഭാര്യ കിട്ടേണം എന്നു പ്രാർത്ഥിച്ച് ഭാര്യ ലഭിച്ച് വർഷങ്ങൾക്കുശേഷവും ഒരു ഭാര്യ കിട്ടേണമേ എന്നു പ്രാർത്ഥിച്ചാൽ അതു തെററന്നല്ലാതെ എന്തു പറയാനാണ് ? അതുപോലെ തന്നെയാണ്, വന്നു കഴിഞ്ഞ രാജ്യം ഇനിയും വരേണമേ എന്നു പ്രാർത്ഥിക്കുന്നത്. രാജ്യത്തിന്റെ വ്യാപ്തിക്കും വളർച്ചക്കും വേണ്ടി പ്രാർത്ഥിക്കാം.

മാതൃകാ പ്രാർത്ഥനയിലെ ശേഷം ഭാഗങ്ങൾ ചുരുങ്ങിയതും കാര്യമാത്ര പ്രസക്തവുമാണ്. ഭൗതികമായ ആവശ്യങ്ങൾ ഓരോരുത്തരും ദൈവത്തോടു അറിയിക്കണം. പ്രാർത്ഥിക്കുന്നയാൾ, തനിക്കെതിരെ സംഭവിച്ച പാപങ്ങൾ ക്ഷമിക്കാൻ തയ്യാറാകണം. എങ്കിൽ മാത്രമെ സ്വർഗ്ഗസ്ഥനായ പിതാവ് അയാളുടെ തെററു പൊറുക്കയുള്ളൂ.

ഈ പ്രാർത്ഥനയിൽ പറഞ്ഞിരുന്ന കാര്യങ്ങൾ ശിഷ്യന്മാരുടെ കാലത്തിനു യോജിച്ചതായിരുന്നെങ്കിലും ചില മാതൃകാ പാഠം നമ്മെ അതു പഠിപ്പിക്കുന്നുണ്ട്. നാം അ

തു വാക്യാനുസാരമായി ആവർത്തിക്കാതെ അവയുടെ അർത്ഥം മനസിലാക്കി, ഉള്ളടക്കം ശ്രദ്ധയോടെ നോക്കി മനസിലാക്കണം. ജല്പനം യേശു ഇഷ്ടപ്പെടുന്നില്ല. നമ്മുടെ ഹൃദയത്തിൽ നിന്നുള്ള ആത്മാർത്ഥമായതാകണം പ്രാർത്ഥന. വെറും ഒരു ചടങ്ങായി അതു മാറരുത്. ഈ പ്രാർത്ഥന അതുപോലെ തന്നെ ചൊല്ലുന്ന വ്യക്തിയായാലും സമൂഹമായാലും വചനത്തിലുള്ള അജ്ഞത നിമിത്തമാണ് അതു ചെയ്യുന്നത്.

ക്രിസ്തുവിൻെറ നിയമത്തിൻ കീഴിലാണല്ലൊ നാം ഇന്നു ജീവിക്കുന്നത്. നമ്മളും പ്രാർത്ഥിക്കേണ്ട മാതൃക പ്രാർത്ഥനകൾ ഉണ്ട് (പ്രവൃത്തി 2:42; 1 തെസലൊനിക്യർ 5:17; ഫിലിപ്പിയർ 4:6; യാക്കൊബ് 5:16). ദൈവമക്കൾക്കാണ് പ്രാർത്ഥിക്കുവാനുള്ള അവകാശം ഉള്ളത്. പിതാവിൻെറ ഇഷ്ടം അനുസരിച്ച് പ്രാർത്ഥിച്ചാൽ നമ്മുടെ പ്രാർത്ഥനക്കു മറുപടി ലഭിക്കും (1 യോഹന്നാൻ 5:14, 15). അവൻെറ വാഗ്ദാനത്തിനെതിരായോ അവനിഷ്ടമില്ലാത്ത ഏതെങ്കിലും ഒന്നോ നാം ചോദിക്കരുത്. നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞുകൊണ്ട്, ദൈവത്തെ മഹത്വപ്പെടുത്തി ഭൗതികമായും ആത്മികമായും ദൈവാനുഗ്രഹങ്ങൾ ക്രിസ്തുവിൻെറ നാമത്തിൽ നാം അപേക്ഷിക്കണം.

★

# ബൈബിൾ ഉത്തരം നല്കട്ടെ

## റോബർട്ട് എം

പല ചോദ്യങ്ങൾക്കും നാം സ്വയം ഉത്തരം കണ്ടെത്തി തൃപ്തിയടയുന്നു എന്നതു പരമാർത്ഥമാണ്. വാസ്തവത്തിൽ ഏതൊരു സംശയ നിവാരണത്തിനും അത്യന്തികമായി നാം ചോദിക്കേണ്ടതു ദൈവത്തോടാണ്. അപ്പോൾ നമുക്കു ശരിയായ സംശയത്തിൻെറ നിവാരണം വരുത്തു

വാൻ കഴിയും. എഫെസ്യർ 4:6-ലെ 'ദൈവം ഒന്ന്' എന്ന പ്രയോഗത്തിന്റെ പ്രാധാന്യം എന്താണ്? ഐക്യത ആഗ്രഹിക്കുന്ന ഒരാൾ അവശ്യം അറിഞ്ഞിരിക്കേണ്ട ഏഴ് ഏകത്വത്തെ കുറിച്ച് പരിശുദ്ധാത്മ നിയോഗത്താൽ അപ്പൊസ്തലൻ എഴുതുകയാണ്. ആ ഭാഗത്തിന്റെ അവസാനം പൌലൊസ് പറഞ്ഞിരിക്കുന്നതു: എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ എന്നാണ് (എഫെസ്യർ 4:6). ആത്മികമായ ഐക്യത സമാധാന ബന്ധത്തിൽ സൂക്ഷിക്കാൻ പര്യാപ്തമാണ് ഇവ.

നിത്യജീവന്നായുള്ള പ്രത്യാശ ഒന്നു മാത്രമാണുള്ളത് ഒരാൾക്കു അവസാനത്തോളവും ഉറച്ചു നില്ക്കാൻ പ്രേരിപ്പിക്കുന്നതു അന്ത്യ ഫലത്തെ കുറിച്ചുള്ള ബന്ധമാണ്. എന്നാൽ പ്രത്യാശയുടെ കാഴ്ചപ്പാട് നഷ്ടപ്പെടുന്നവർ അവരുടെ വിശ്വാസക്കപ്പൽ താഴ്ത്തികളയും. ഒരാളുടെ വിശ്വസ്തതക്കു ഭംഗം നേരിടുമ്പോൾ അയാൾക്കു ദൈവവുമായുള്ള ബന്ധം നഷ്ടമാകുന്നു. ചിലരുടെ പ്രത്യാശ ക്ഷണഭംഗുരമായ വസ്തുക്കളിലാണ്. ലൗകികമായ നേട്ടങ്ങളിൽ ആശവെച്ചു കഴിയുന്നവർ നിരവധിയാണ്. വേറെ ചിലർ രാഷ്ട്രീയ ശക്തിയായി തീരാൻ ഉദ്യമിച്ച് കാത്തിരിക്കുന്നു. കുപ്രചാരത്തിനായി സാഹസികത പ്രവർത്തിച്ച് കാത്തിരിക്കുന്നവരുമുണ്ട്. സൂര്യനു കീഴിലുള്ള എന്തിലും ആശ വെച്ച് കഴിയുന്നവരാണ് മനുഷ്യരിൽ ചുരുക്കം. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് അയാളുടെ പ്രത്യാശ നിത്യജീവനാണ്. സ്വർഗ്ഗീയ നഗരത്തിനായി കാത്തിരുന്ന അബ്രഹാമിനെപോലെയാണവർ (എബ്രായർ 11:10-16).

(ശേഷം അടുത്ത ലക്കത്തിൽ)

★

# സാത്താൻ നമ്മെ ഭയപ്പെടുത്തുമോ ?

റെജി വെള്ളനാട്

ദൈവത്തിന്റെ പ്രതിയോഗിയായ സാത്താനെ കുറിച്ച് ഇന്ന് മനുഷ്യ മനസുകളിൽ ഉണ്ടായിരിക്കുന്ന ധാരണ വളരെ മോശമായതാണ്. ഒരുപക്ഷെ അവനെ അത്രമാത്രം ജനങ്ങൾ വെറുക്കുന്നു എന്നുള്ളതു കൊണ്ടായിരിക്കാം. ഇങ്ങനെ ചിന്തിച്ചാൽ മനുഷ്യനെ പ്രേരിപ്പിക്കുന്നത് എങ്കിലും വെറുപ്പ് മനുഷ്യനിൽ ഉള്ളതുകൊണ്ട് അവനെ ജയിക്കുവാൻ സാധ്യമല്ല. അവനെയും അവന്റെ പ്രവർത്തിയേയും കുറിച്ചുള്ള അറിവ് നമുക്ക് ആവശ്യമാണ്. അതിനു നമ്മെ സഹായിക്കുവാൻ ദൈവ വചനത്തിന് മാത്രമേ കഴിയു.

എന്റെ ഒരു അനുഭവം ഞാൻ നിങ്ങളുമായി പങ്കിടട്ടെ. ഏതാനും ദിവസങ്ങൾക്ക് മുൻപ് ഞാൻ പേയാട് എന്ന സ്ഥലത്ത് ദൈവ വചനം പഠിപ്പിച്ചുകൊണ്ടിരിക്കേ അതിൽ ഉണ്ടായിരുന്ന ഒരു സഹോദരി സാത്താനെ തന്റെ ദൃഷ്ടിയിൽ കണ്ടതായും സാത്താന്റെ രൂപത്തെ കുറിച്ചും എന്നോടു പറയുകയുണ്ടായി. ദൈവ സഭ എന്നറിയപ്പെടുന്ന കൂട്ടായ്മയും ആയിട്ടാണ് ഈ സഹോദരിക്ക് ബന്ധമുള്ളത്. ഈ സഹോദരി ഒരിക്കൽ തന്റെ ജ്യേഷ്ഠത്തിയുടെ ഭർത്താവിന്റെ വീട്ടിൽ പോയപ്പോൾ സുഖമില്ലാതെ കഴിയുന്ന ജ്യേഷ്ഠത്തിയുടെ മകനുവേണ്ടി പ്രാർത്ഥിപ്പാൻ തുടങ്ങി. ഒരു ഹൈന്ദവ കുടുംബത്തിലാണ് ചേച്ചിയെ വിവാഹം ചെയ്തിരിക്കുന്നത്. ഒത്തിരി ബിംബാരാധനകൾ നടത്തി വരുന്ന വീടാണ്. അവൾ പ്രാർത്ഥനയിൽ അവൾക്ക് വളരെയേറെ പോരാട്ടം ഉണ്ടായതായി എന്നോടു പറഞ്ഞു. ആ കുട്ടിയുടെ അസുഖം ബാധി

ച്ച സ്ഥാനത്ത് താൻ കൈവെച്ച് പ്രാർത്ഥിക്കുമ്പോൾ തന്നേ ഇതാ മുൻപിൽ സാത്താൻ തലയിൽ രണ്ടു കൊമ്പുകൾ പിന്നെ വായിൽ തേററപല്ല് കൂർത്ത നഖം കറുത്ത വേഷം ധരിച്ച് പല്ലിളിച്ചുകൊണ്ട് തന്നെ നോക്കി അട്ടഹസിക്കുന്ന ഒരു ഭീകര രൂപം. ഈ വിധത്തിലാണ് എൻെറ പ്രിയ സഹോദരിക്ക് സാത്താനെ പരിചയപ്പെടുവാൻ കഴിഞ്ഞതു എന്നാണ് പറയുന്നത്.

പ്രിയ സഹോദരാ, സഹോദരി, നിങ്ങൾക്ക് എന്തു തോന്നുന്നു ? എൻെറ ഈ പ്രിയ സഹോദരി കണ്ടതുപോലെ ഒരു രൂപത്തിൽ സാത്താനെ മനുഷ്യർക്ക് തന്നേ വെളിപ്പെത്തിയിരുന്നുവെങ്കിൽ നോക്കുക. ക്രിസ്തീയ സമൂഹത്തിനു സാത്താനെ തോല്പിക്കുവാനും സാത്താനോടു പ്രതികരിക്കുവാനും എത്ര എളുപ്പമായിരുന്നേനെ. എന്നാൽ ദൈവ വചനം പഠിച്ചുകൊണ്ടിരിക്കുന്ന ഒരു മനുഷ്യൻെറ മനസിൽ പിന്നെ എങ്ങനെ ഈ രൂപം ഉണ്ടായി ? ബൈബിൾ ഒരിക്കലും ഇങ്ങനെയുള്ള ഒരു സാത്താനെ അല്ലല്ലോ നമുക്ക് പരിചയപ്പെടുത്തുന്നത്. പിന്നെ എങ്ങനെ ഈ രൂപം മനുഷ്യൻെറ ഉള്ളിൽ ഉണ്ടായി ?

സാത്താൻ എന്നുള്ള പദം പോലും മനുഷ്യ മനസുകളിൽ വളരെ വെറുപ്പുളവാക്കുന്നതാണല്ലോ. എന്നാൽ മനുഷ്യൻെറ വളർച്ചക്കൊപ്പം അവൻെറ ചിന്തയും ഭാവനയും വളർന്നു, അറെപ്പുളവാക്കുന്ന സാത്താൻെറ രൂപത്തിനു മനുഷ്യൻ തൻെറ ഭാവന ഉപയോഗിച്ചു - ടി. വി. റേഡിയോ പത്രമാധ്യമങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇവ മനുഷ്യൻെറ സഹായിയായി അങ്ങനെ ലോകത്തിനു വളരെ പ്രസിദ്ധനായി തീരുവാൻ സാത്താൻ മനുഷ്യ മനസുകളെ സ്വാധീനിച്ചു. ഇപ്രകാരം ഉള്ളതായ രൂപങ്ങളും ഭാവനകളും മനുഷ്യ മനസിൽ നിറഞ്ഞിരിക്കേ അതിൻെറ മറവിൽ സാത്താൻ തൻെറ തന്ത്രപരമായ പ്രവർത്തനത്തിൽ വിജയം കൈയടക്കുകയായിരുന്നു. ഒരു പക്ഷെ ടി. വി. സീരിയലുകളിൽ നിന്നും നമുക്ക് മാധ്യമങ്ങൾ പരിചയ

പ്പെടുത്തി തന്ന രൂപമായിരിക്കാം എന്റെ ഈ സഹോദരിടെ മനസിൽ ഇപ്രകാരം ഒരു രൂപത്തെ കാണുവാൻ ഇടയാക്കിയത്, കാരണം നിയന്ത്രണം ഇല്ലാതെ ഉപയോഗിക്കുന്ന ടി വിയ്ക്കു മുൻപിൽ അതിലേക്കുതന്നേ സംഭോസമയവും മിഴി ഊന്നിയിരിക്കുന്ന നമ്മുടെ കുട്ടികൾക്ക് ടി. വി. നൽകുന്ന ചിത്രങ്ങൾ അവരുടെ മനസിൽ പതിയുന്നു. അതോടൊപ്പം ശരിയായ സാത്താൻ അവർക്ക് അജ്ഞതയുമാണ്.

ഈ ലോക സൃഷ്ടിയിൽ ഉണ്ടായിരിക്കുന്ന ഏതൊന്നിലും ആയിരിക്കുവാനും മനുഷ്യമനസുകളെ മോഹിപ്പിച്ച് ആകർഷിക്കുവാനും അതോടൊപ്പം മനുഷ്യന്റെ ദൃഷ്ടിയിൽ മറഞ്ഞിരുന്നും കൊണ്ട് അവരെ നിയന്ത്രിപ്പാനും കഴിവുള്ള ശക്തനായ പ്രതിരോധിയാണ് സാത്താൻ. കാരണം അവൻ ഈ ലോകത്തിന്റെ ദൈവമാണ്. 2 കൊരിന്ത്യർ 4:3-4 അവന്റെ ലക്ഷ്യം മനുഷ്യന്റെ മനസാണ്. യാഥാർത്ഥ്യം തിരിച്ചറിയുവാനുള്ള മനുഷ്യന്റെ മനസിൽ അവൻ ഈ ലോകത്തിന്റെ തത്വങ്ങളും വാദഗതികളും നിരത്തികൊണ്ട് നിറച്ചിരിക്കുമ്പോൾ സത്യം അഥവാ യാഥാർത്ഥ്യം അവന് അന്യമായി തീരുന്നു. അല്ലാതെ ഒരിക്കലും അവൻ നമ്മെ ഭയപ്പെടുത്തുകയോ നമ്മിൽ ഭീതി ജനിപ്പിക്കുകയോ ചെയ്യുന്നില്ല. കാരണം അങ്ങനെ ചെയ്താൽ അവന് തന്റെ ലക്ഷ്യം കണ്ടെത്തുവാൻ സാധ്യമല്ല.

സാത്താന്റെ പ്രവർത്തികളെ അഴിപ്പാനാണ് മനുഷ്യപുത്രൻ ഭൂമിയിൽ പിറന്നത്. അവൻ പിശാചിന്റെ ശക്തി നിഷ്പ്രഭമാക്കി. ദൈവത്തിന്റെ വാഗ്ദാന പ്രകാരമാണ് ഇതൊക്കെ നടപ്പിലായത്. മനുഷ്യരെ നശിപ്പിക്കുന്ന സ്വഭാവമാണ് പിശാചിനുള്ളത്. എന്നാൽ നമ്മെ രക്ഷിക്കുന്ന സ്വഭാവമാണ് ക്രിസ്തുവിന്റേത്.

(ശേഷം അടുത്ത ലക്കത്തിൽ)

*

# സ്തുതികൾക്കു യോഗ്യൻ

ദൈവത്തിന്റെ ഭാവവും ഔന്നത്യവും അവർണ്ണനീയം തന്നെ. സൃഷ്ടി, സൃഷ്ടാവിനെ ആദരിക്കണം, ബഹുമാനിക്കണം എന്നതു തർക്കമററ കാര്യമാണ്. സർവ്വ ശക്തനായ ദൈവത്തെ പ്രസാദിപ്പിക്കുന്നവർ ഓർക്കേണ്ടതു എന്തെന്നാൽ അവനിൽ നിന്നാണ് നമുക്ക് എല്ലാം ലഭിക്കുന്നതു എന്നാണ്. ഈ ചിന്ത എല്ലാവരിലും ഇല്ല. സ്വന്ത പ്രയത്നത്തിലും കഴിവിലും അമിത പ്രാധാന്യം കൊടുക്കുന്നവരാണല്ലൊ നമ്മിൽ ഭൂരിഭാഗം പേരും. അതിനപ്പുറമാണ് യാഥാർത്ഥ്യം.

ശക്തനായ ദൈവ സഹായമില്ലാതെ നമുക്ക് ഈ ഭൂമിയിൽ ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. അദ്ധ്വാനിപ്പാൻ ശരീരം തന്നിരിക്കുന്ന ദൈവത്തോടു നാം നന്ദിയുള്ളവരായിരിക്കണം. ബൈബിളിൽ ഉടനീളം നാം വായിക്കുന്നതു മനുഷ്യരും ദൈവവുമായുള്ള ബന്ധത്തെ കുറിച്ചാണ്. ദൈവത്തിൽ നിന്നു ലഭിച്ച അളവററ അനുഗ്രഹങ്ങൾക്കു അവർ നന്ദിയുള്ളവരായിരുന്നു. എങ്ങനെയാണ് നാം ദൈവത്തിനു പുകഴ്ച്ച അർപ്പിക്കുന്നത് ? വാക്കുകളാലും പ്രവർത്തികളാലും ആണ്. വരാമായിരുന്ന വിപത്തിൽ നിന്നു ദൈവം നമ്മെ പരിപാലിച്ചാൽ അതു തിരിച്ചറിഞ്ഞ് നാം ദൈവത്തിനു സ്തുതി അർപ്പിക്കണം.

വീണ്ടും നമ്മുടെയോ മററാരുടെയെങ്കിലുമോ അശ്രദ്ധകൊണ്ട് വരാനിടയുള്ള ആപത്തുകൾ നീങ്ങിപോകുവാൻ നാം നമ്മുടെ ജീവിതത്തെ സൂക്ഷിക്കണം. ദൈവത്തിനു കൊടുക്കേണ്ട മഹത്വം നാം മററാർക്കും കൊടുക്കരുത്. ഉദാഹരണമായി ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ ദൈവത്തിനുള്ള ദിവസമാണ്. അന്നു ദൈവത്തെ ആരാധിക്കേണ്ടതിനു പകരം മററു കാര്യങ്ങളിലേക്കു നാം തിരിഞ്ഞാൽ നാം ദൈവത്തിനു പുകഴ്ച്ച കൊടുക്കുകയല്ല ചെയ്യുന്നത് (എബ്രായർ 10:23).

★

# വാർത്തകൾ

## കനത്ത മഴ: നഗരത്തിൽ വ്യാപകമായ നാശം

നഗരത്തിലെ ചില സ്ഥലങ്ങളിലും പ്രാന്തപ്രദേശങ്ങളിലും ഇന്നലെയുണ്ടായ കനത്ത മഴയിൽ വ്യാപകമായ നാശം. ശക്തിയായ മഴയിൽ പേരൂർക്കടക്കു സമീപം കെട്ടിടത്തിന്റെ മുൻഭാഗം തകർന്നുവീണു രണ്ടുപേർക്കു ഗുരുതരമായി പരുക്കേററു. ജംഗ്ഷനു സമീപത്തെ കടയുടെ സൺഷെയ്ഡാണു മഴയത്തു തകർന്നുവീണത്.

അപകടത്തിൽ പരുക്കേററ മണിയൻ, പ്രഭാകരൻ എന്നിവരെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തകർന്നുവീണ കടയുടെ തിണ്ണയിൽ ഇരിക്കുകയായിരുന്നു ഇരുവരും. കോൺക്രീററ് തകർന്നുവീണ് ഒരാളിന്റെ കാലിനു ഒടിവു സംഭവിച്ചു. ഇന്നലെ ഉച്ചയോടെയാണു പല സ്ഥലത്തും മഴകനത്തത്. വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന്, പേരൂർക്കടഭാഗങ്ങളിൽ രണ്ടുമണിക്കൂറോളം ശക്തമായ മഴ തുടർന്നു. പലഭാഗത്തും വാഹനഗതാഗതം തടസ്സപ്പെട്ടു.

കാഞ്ഞിരംപാറ-മരുതംകുഴി റോഡിൽ കാഞ്ഞിരംപാറ കോളനിക്കുസമീപം വലിയതോതിൽ റോഡിൽ മഴവെള്ളം കെട്ടിയതു വാഹനഗതാഗതം സ്തംഭിക്കാനിടയായി. കൊല്ലൂർ റോഡിന്റെ പല ഭാഗത്തും വെള്ളം കെട്ടിക്കിടന്നതു ഗതാഗതപ്രശ്നമുണ്ടാക്കി. ഓടകൾ മണ്ണു നിറഞ്ഞ് അടഞ്ഞതാണു റോഡിലെ വെള്ളക്കെട്ടിനു കാരണം. കനത്ത മഴയെ തുടർന്നു പലഭാഗത്തും വൈദ്യുതി ബന്ധവും തകരാറിലായി. രാത്രിയോടെ വൈദ്യുതി ബന്ധം പുനസ്ഥാപിച്ചായി കെ. എസ്. ഇ. ബി. അധികൃതർ അറിയിച്ചു.

# ഇന്ത്യൻ പാഠ്യപദ്ധതിയിൽ കായിക പരിശീലനം കൂടി വേണമെന്ന് വിദേശ വിദഗ്ധർ

പാഠ്യ പദ്ധതിയിൽ കായിക പരിശീലനം കൂടി ഉൾപ്പെടുത്തിയാൽ ഇന്ത്യയിലെ കായിക രംഗം ഉന്നത നിലവാരം പുലർത്തുമെന്ന് അമേരിക്കൻ നീന്തൽ പരിശീലക എമി റോവലും ബാസ്കറ്റ് ബോൾ പരിശീലകനായ എറിക് ജെ. റോവലും അഭിപ്രായപ്പെട്ടു. ജില്ലാ ബാസ്കറ്റ് ബോൾ അസോസിയേഷനും യുവജനക്ഷേമ കായിക ഡയറക്ടറേറ്റും ചേർന്ന് സംഘടിപ്പിച്ചിരിക്കുന്ന 'ബാസ്കറ്റ് ബോൾ ഈസ് മൈ ഗെയിം' എന്ന പരിശീലന പരിപാടിയിൽ പരിശീലനം നൽകാൻ എത്തിയതാണ് എറിക് റോവലും ഭാര്യ എമി റോവലും.

''ഇന്ത്യയിൽ പഠ്യ പദ്ധതിയിൽ പഠനത്തിന് മാത്രമേ സ്ഥാനം നൽകുന്നുള്ളു. അമേരിക്കയിലാണെങ്കിൽ പഠനത്തിനൊപ്പം കായിക പരിശീലനത്തിനും പ്രാധാന്യം നൽകുന്നുണ്ട്. 24 മണിക്കൂറും പഠനത്തിൽ മാത്രം മുഴുകി കഴിയുന്നത് കുട്ടിയുടെ ബഹുമുഖമായ വളർച്ചയെ ബാധിക്കും'' എമി അഭിപ്രായപ്പെട്ടു.

ഇന്ത്യയിൽ ക്രിക്കറ്റിന്റെ അതിപ്രസരമുണ്ടെന്ന് എറിക് പറഞ്ഞു. ''എവിടെ നോക്കിയാലും ക്രിക്കറ്റ് കളിക്കുന്നവരെ മാത്രമേ കാണാൻ കഴിയൂ. അമേരിക്കയിൽ ബാസ്കറ്റ് ബോൾ കളിക്കുന്നവരാണ് കൂടുതൽ. ബാസ്കറ്റ് ബോൾ വളരെ എളുപ്പം പഠിക്കാൻ കഴിയുന്ന കളിയാണ്. ടിവി ചാനലുകൾ ബാസ്കറ്റ് ബോൾ കൂടുതൽ കാണിച്ചാൽ അതിൽ നിന്ന് തന്നെ കളിക്കാൻ കഴിയും''. എറിക് പറഞ്ഞു.

# കടപ്പത്ര വിൽപ്പന: സംസ്ഥാനത്തിനു 200 കോടി ലഭിക്കും

രൂക്ഷമായ സാമ്പത്തിക ബുദ്ധിമുട്ടിന് ആശ്വാസമായി കടപ്പത്രം വിൽപനയിലൂടെ സംസ്ഥാന ഗവൺമെൻറിന് 200 കോടി കിട്ടും. മുംബൈയിൽ ഇന്നലെ ലേലം ചെയ്തു വിററ കടപ്പത്രത്തിൻെറ തുക ഇന്നുതന്നെ അവ വാങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നു ലഭിക്കുമെന്നതിനാലാണിത്. അതിനാൽ ട്രഷറി മാന്ദ്യത്തിൽ 19-നു ശേഷം അയവുവരുമെന്നാണു സൂചന. ഓഫീസ് ചെലവുകളും ആർജിത അവധി സറണ്ടർ ചെയ്യുന്ന തുകയും പി. എഫ്. വായ്പ തുകയും നൽകുന്നതു പൂർണമായി നിർത്തിവച്ചിരിക്കുകയാണിപ്പോൾ.

ഈ സാമ്പത്തിക വർഷം ആദ്യമായി നടത്തുന്ന കടപ്പത്ര വിൽപനയാണു റിസർവ് ബാങ്കിൻെറ മേൽനോട്ടത്തിൽ ഇന്നലെ മുംബൈയിൽ നടന്നത്. 200 കോടിയുടെ കടപ്പത്രമാണു ലേലം ചെയ്തിരുന്നതെങ്കിലും 350 കോടിയുടെ വാഗ്ദാനം വന്നിട്ടുണ്ട്. എന്നാൽ സംസ്ഥാന ഗവൺമെൻറിന് 200 കോടിയേ ലഭിക്കു. ബാക്കി തുക മററു സംസ്ഥാനങ്ങൾക്ക് ആസൂത്രണ കമ്മീഷൻ വീതിച്ചു നൽകും.

കടപ്പത്ര വിൽപനയിലൂടെ ലഭിക്കുന്ന തുകയ്ക്കു 10.51% പലിശയുണ്ട്. ഇന്ത്യാ ഗവൺമെൻറ് കടപ്പത്രം വിററപ്പോൾ 10 25% ആയിരുന്നു പലിശ. മററു സംസ്ഥാനങ്ങൾക്കൊന്നിനും 10 65 ശതമാനത്തിൽ കുറഞ്ഞ പലിശ ലഭിച്ചിട്ടില്ലാത്തതിനാൽ കേരളത്തിനു കിട്ടിയ നിരക്ക് ലാഭകരമാണെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. ഐ. ഡി. ബി. ഐ, എസ്. ബി. ഐ, ഐ. സി. ഐ. സി. ഐ. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളാണ് കടപ്പത്രം വാങ്ങിയത്.

## 'തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിപ്പിച്ചത് സർക്കാരിന്റെ നേട്ടം'

തൊഴിലില്ലാത്ത യുവാക്കളുടെ തൊഴിൽ സംരക്ഷണം ഏറ്റെടുത്ത് അധികാരത്തിലേറിയവർ തൊഴിൽ രഹിതരുടെ എണ്ണം 32 ലക്ഷത്തിൽ നിന്നും 42 ലക്ഷമായി ഉയർത്തി റെക്കോർഡ് സൃഷ്ടിച്ചിരിക്കുകയാണെന്നു കേരള യൂത്ത് ഫ്രണ്ട് (എം) ജില്ലാ കമ്മിററി ആരോപിച്ചു. നാലരവർഷത്തെ ഭരണം കൊണ്ട് 2700 കോടി രൂപയാണു നായനാർ സർക്കാർ കടം വരുത്തിവച്ചിരിക്കുന്നത്. ജീവനക്കാർക്കു ശമ്പളം കൊടുക്കാൻ പോലും ബുദ്ധിമുട്ടുകയാണു സർക്കാർ. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെങ്കിലും സി. പി. എമ്മിനു നല്ല സാമ്പത്തിക ഭദ്രത നേടാനായി എന്നതിന്റെ തെളിവാണു 100 കോടി രൂപ മുടക്കി കണ്ണൂരിൽ തുടക്കമിട്ട ടൂറിസം പദ്ധതിയെന്നു യോഗം ആക്ഷേപമുന്നയിച്ചു.

ടൂറിസം പ്രോജക്ട്, ഫാന്റസി പാർക്ക്, ഹോട്ടൽ സമുച്ചയം, കൈരളി ചാനൽ തുടങ്ങി പാർട്ടി പദ്ധതികളുമായി ജനങ്ങളെ സമീപിക്കുന്ന എൽ. ഡി. എഫിനെ പരാജയപ്പെടുത്തി യു. ഡി. എഫിനെ അധികാരത്തിൽ തിരികെ കൊണ്ടുവരാൻ കേരള ജനത തയാറാകണമെന്നു ജില്ലാ കമ്മിററി അഭ്യർഥിച്ചു. കേരള കോൺഗ്രസ് (എം) ജില്ലാ പ്രസിഡന്റ് അഡ്വ. കൊട്ടാരക്കര പൊന്നച്ചൻ ഉദ്ഘാടനം ചെയ്തു. യൂത്ത് ഫ്രണ്ട് (എം) ജില്ലാ പ്രസിഡന്റ് സി. ആർ. സുനു മുടവൂർപാറ അധ്യക്ഷനായിരുന്നു.

*

# സോദോമിന്റെ പാപം

ജോൺ. ജി

മനുഷ്യരെ എപ്പോഴും കാർന്നു തിന്നുന്ന രോഗമാണല്ലൊ പാപം. ഒന്നാം നൂററാണ്ടിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. അന്നത്തെ ജാതികൾ അന്യദേവന്മാരെ വണങ്ങിയിരുന്നതുമാത്രമല്ല അവർ എല്ലാ മേഖലകളിലും ദുഷ്ടത നിറഞ്ഞവരായിരുന്നു. സത്യ ദൈവത്തെ വിശ്വസിക്കുവാൻ അവർ കൂട്ടാക്കിയില്ല. അവർ വിഗ്രഹങ്ങളെ ഉണ്ടാക്കി അവയെ നമസ്കരിച്ചുവന്നു. അതുകൊണ്ടു ദൈവം അവരെ അശുദ്ധിക്കായി അവരുടെ ഹൃദയങ്ങളിലെ മോഹങ്ങൾക്കനുസരിച്ച് ശരീരങ്ങളെ അപമാനത്തിനായി ഏല്പിച്ചു കൊടുത്തു (റോമർ 1:20-24). സ്വയഭോഗം എന്ന തല തിരിഞ്ഞ പാപം ചെയ്യുന്ന അവസ്ഥയിലേക്കു അവർ തരം താണു. അക്കാരണത്താൽ അവർ അന്യോന്യം ആണോടു ആണും പെണ്ണോടു പെണ്ണും അവലക്ഷണമായി പ്രവർത്തിക്കാൻ തുടങ്ങി. പ്രകൃതി വിരുദ്ധമായ ജഢിക മോഹമായിരുന്നു അവരുടേത്. കാമവികാരങ്ങൾക്കു അടിമപ്പെട്ടു ലജ്ജിക്കത്തക്കരീതിയിൽ ആയി തീർന്നു അവരുടെ ജീവിതം. അങ്ങനെ അവരുടെ തെററിന്റെ ശിക്ഷ അവർ അനുഭവിക്കേണ്ടിയിരുന്നു (റോമർ 1:26-27).

സ്വയഭോഗം അത്ര തെററല്ല, പാപമല്ല എന്നൊക്കെ പറയുന്നവർ ഉണ്ട്. ലൈംഗിക ബന്ധത്തിനു ഏതാണ് ശരി, ഏതാണ് തെററ് എന്നു നമ്മുടെ കർത്താവു പറഞ്ഞിട്ടുണ്ട്. ''അതിനു അവൻ: സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പററിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും എന്നു അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ ? അതുകൊണ്ടു അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ; ആ

കയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്നു ഉത്തരം പറഞ്ഞു (മത്തായി 19:4-6).

ഒരേ തരത്തിലുള്ള ലിംഗത്തിൽ പെട്ടവർ തമ്മിൽ ലൈംഗിക ബന്ധം പുലർത്തുന്നതിനെ അംഗീകരിക്കുന്ന നാമധേയ വിഭാഗങ്ങളിലെ അദ്ധ്യക്ഷന്മാർ ഉണ്ട്. സ്വയഭോഗത്തെ അവർ സാധാരണ ജനങ്ങളിൽ അനുവദിക്കുന്നതു കൂടാതെ ചിലരുടെ അദ്ധ്യക്ഷന്മാർ പോലും ഇത്തരം ജീവിതം നയിക്കുന്നവരാണ് എന്നു കേട്ടാലോ എന്തായിരിക്കും സ്ഥിതി ? അതു പാപമാണെന്നും അതിൽ നിന്നു തിരിഞ്ഞു മാനസാന്തരപ്പെട്ടു ദൈവ കല്പനകളിൽ ഒതുങ്ങി ജീവിക്കണമെന്നുമാണ് അവരോടു പറയുവാനുള്ളത്. കാരണം ദൈവ സന്നിധിയിൽ അതു പാപമാണ്. പാപം ചെയ്തുകൊണ്ടു ദൈവത്തെ സമ്മതിപ്പിക്കാമെന്നു ആരും കരുതേണ്ട.

തെററും ശരിയും വേർതിരിച്ച് കാണാതെ ആളുകൾ ഇന്നു കലക്കത്തിലാണ്. യെശയ്യാ പ്രവാചകൻെറ കാലത്തിൽ ജീവിച്ചിരുന്ന ആളുകളും അതുപോലെ ആയിരുന്നു. ''തിന്മെക്കു നൻമ എന്നും നൻമെക്കു തിൻമ എന്നും പേർ പറകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും കൈപ്പിനെ മധുരവും മധുരത്തെ കൈപ്പും ആക്കുകയും ചെയ്യുന്നവർക്കു അയ്യോ കഷ്ടം (യെശയ്യാവ് 5:20). ചില ആളുകൾ; ചിലതു പാപമല്ല എന്നു പറഞ്ഞാൽ അതു പാപമല്ലാതാകയില്ല. അതുകൊണ്ടു സ്വയഭോഗം പാപം തന്നെയാണ്. അത്തരം പാപികൾ മാനസാന്തരപ്പെട്ടില്ലെങ്കിൽ അവർ നിത്യമായി നഷ്ടപ്പെടും എന്നതാണ് വാസ്തവം.

സ്വയഭോഗം ആദ്യമായി പരിശീലിക്കപ്പെട്ട പട്ടണമായിരുന്നു സോദോം. ഉല്പത്തി 19:4-7 വരെയുള്ള വേദഭാഗങ്ങളിൽ ആ പട്ടണത്തിൻെറ വഷളത്വം വിവരിച്ചിട്ടു

ണ്. ചെറുപ്പക്കാരും പ്രായമായവരും ഒന്നടങ്കം ലോത്തിൻെറ അടുക്കൽ സന്ദർശകരായി വന്നവരെ ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ചു. പഴയ നിയമ കാലയളവിൽ നടന്ന ഈ ലജ്ജാകരമായ സംഭവം നടന്നതു തന്നെ എന്നു ഓർമ്മിപ്പിക്കുന്നതാണ് പുതിയ നിയമ പുസ്തക വിവരണങ്ങൾ (മത്തായി 11:23-24; യൂദാ 7; 2പത്രോസ് 2:6-8). ഈ തലതിരിഞ്ഞ പട്ടണങ്ങളായ സോദോമിനേയും ഗൊമോറയെയും ദൈവം നശിപ്പിച്ചു. മററു പാപങ്ങൾ ചെയ്തിരുന്ന പട്ടണത്തെ പോലെ തന്നെ ഈ പട്ടണങ്ങളും പാപത്തിൻെറ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കയാണ് (യെശയ്യാവ് 3:9; യിരെമ്മ്യാവ് 23:14; മത്തായി 11:23-24).

സീനായ് പർവ്വതത്തിൽ വെച്ച് ഇസ്രായേൽ ജനത്തിനു ദൈവം നല്കിയ ന്യായപ്രമാണത്തിൽ സ്വവർഗ്ഗരതി നിഷിദ്ധമെന്നു കല്പിച്ചിരുന്നു. സ്ത്രീ സ്ത്രീയോടും പുരുഷൻ പുരുഷനോടും രതിക്രിയ നടത്തുന്നതു അവരുടെ ശരീരങ്ങളെ അശുദ്ധമാക്കും (ലേവ്യാപുസ്തകം 18:22-24). സ്ത്രീയോടുകൂടെ ശയിക്കുന്നതുപോലെ ഒരുത്തൻ പുരുഷനോടുകൂടെ ശയിച്ചാൽ ഇരുവരും മ്ലേഛത ചെയ്തു; അവർ മരണശിക്ഷ അനുഭവിക്കേണം. അവരുടെ രക്തം അവരുടെ മേൽ ഇരിക്കും (ലേവ്യാപുസ്തകം 20:13). ഇസ്രായേൽ പുത്രിമാരിൽ ഒരു വേശ്യ ഉണ്ടാകരുത്; യിസ്രായേൽ പുത്രന്മാരിൽ പുരുഷ മൈഥുനക്കാരും ഉണ്ടാകരുത്. വേശ്യയുടെ കൂലിയും നായുടെ വിലയും നിൻെറ യഹോവയായ ദൈവത്തിൻെറ ആലയത്തിലേക്കു യാതൊരു നേർച്ചയായിട്ടും കൊണ്ടു വരരുത്; ഇവ രണ്ടും നിൻെറ ദൈവമായ യഹോവെക്കു അറെപ്പാകുന്നു (ആവർത്തന പുസ്തകം 23:17-18). സ്വവർഗ്ഗരതി നടത്തിയിരുന്ന വേശ്യമാരെ വിളിച്ചിരുന്നതു നായ്ക്കൾ എന്നാണ്. നായ്ക്കൾക്കു ദൈവരാജ്യം അവകാശമാക്കാൻ കഴിയില്ല (വെളിപ്പാട് 22:14-15).

അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളൻമാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊരിന്ത്യർ 6:9_10). സ്വയഭോഗികൾ രക്ഷിക്കപ്പെടുമോ ? ഏതൊരു പാപിക്കും രക്ഷിക്കപ്പെടുവാൻ കഴിയുന്നതുപോലെ അവർക്കും സാധിക്കും (1 തിമൊഥെയൊസ് 2:4). എന്നാൽ അവർ മാനസാന്തരപ്പെട്ട് ദൈവ പുത്രനായ ക്രിസ്തുവിലുള്ള വിശ്വാസം ഏററു പറയണം; (റോമർ 10:10, 17; യോഹന്നാൻ 8:24). പിന്നീട് പാപമോചനത്തിനായി സ്നാനം ഏല്ക്കണം (റോമർ 6:3-4; പ്രവൃത്തി 2:38). കൊരിന്ത്യയിൽ ക്രിസ്ത്യാനികളായി തീർന്നവർ ചിലർ അത്തരക്കാരായിരുന്നു. എന്നാൽ അവർ കഴുകി വിശുദ്ധീകരണം പ്രാപിച്ചു (1 കൊരിന്ത്യർ 6:11).

ആളുകൾ മാറുവാൻ മനസ്സുവെക്കണം. പാപ സംബന്ധമായ പരിശീലനം ഉപേക്ഷിക്കണം. പാപത്തെ കണ്ടില്ലെന്നു നടിക്കുവാനുള്ള സമ്മർദ്ദമാണ് സമൂഹത്തിൽ നിന്നു ക്രിസ്ത്യാനികൾക്കു നേരിടുന്നത്. അതു ദൈവ സന്നിധിയിൽ കുററകരമാണ്. പാപത്തിൽ നിന്നുള്ള മോചനം തിരിച്ചറിവുള്ള എല്ലാവർക്കും അനിവാര്യമാണ്. ദൈവത്തെ അനുകരിക്കുകയാണ് എല്ലാവരും ചെയ്യേണ്ടതു. പാപത്തെ ദൈവം വെറുക്കുന്നു. അതേ സമയം അതിൽ നിന്നു വിട്ടു തിരിയുമ്പോൾ ദൈവം അങ്ങനെയുള്ളവരെ സ്നേഹിക്കും.

★

# ദൈവത്തോടുള്ള നിരപ്പ്

ജെ. കെ. ഗോസെറ്റ്

ഒന്നിലധികം വ്യക്തികൾക്കു തമ്മിൽ ഉണ്ടാകുന്ന വേർപാട് ഒഴിവാക്കേണ്ടതു അത്യാവശ്യമാണ്. വിച്ഛേദിക്കപ്പെട്ട ബന്ധം പുന:സ്ഥാപിച്ചില്ലെങ്കിൽ അതു ഇരു പക്ഷത്തിനും സന്തോഷിക്കാൻ കഴിയുകയില്ല. ദൈവവും മനുഷ്യരും തമ്മിൽ ഉള്ള ബന്ധത്തിനു ഉലച്ചിൽ തട്ടുന്നതു ഉടമ്പടി ലംഘിക്കുമ്പോഴാണ്. ഭൗതികമായി രണ്ടു പേർ തമ്മിലുള്ള കരാർ നടപ്പിലാക്കുന്നതിൽ ഒരാൾ വീഴ്ച്ച വരുത്തിയാൽ അതു പ്രശ്നമായി തീരാറുണ്ട്. ദൈവത്തോടുള്ള ബന്ധം സ്ഥിരമായിരിക്കേണ്ടതിനു മനുഷ്യർക്കു ദൈവം കല്പനകൾ കൊടുത്തു. പക്ഷെ അതു പാലിക്കാൻ അവർ കൂട്ടാക്കാതെ ധിക്കരിക്കുന്നു. ഇതാണ് ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള പ്രശ്നം. ഈ വിയോജിപ്പ് പരിഹരിക്കുവാൻ ദൈവം മുൻകയ്യെടുക്കുകയാണ് ചെയ്തതു. അതിന്നായി അവൻ ഒരു പദ്ധതി രൂപീകരിച്ചു.

അപ്പൊസ്തലനായ പൌലൊസ് കൊരിന്ത്യർക്കു ലേഖനം എഴുതുമ്പോൾ ഓർപ്പിക്കുന്നതു: ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു. അതിന്നൊക്കെയും ദൈവം തന്നേ കാരണഭൂതൻ. അവൻ നമ്മെ ക്രിസ്തു മൂലം തന്നോടു നിരപ്പിച്ച നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു. ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു. ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തു

വിനു പകരം അപേക്ഷിക്കുന്നു. അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു. പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു അവൻ നമുക്കു വേണ്ടി പാപം ആക്കി (2 കൊരിന്ത്യർ 5:18-21).

നിരപ്പാക്കുക എന്നതിനർത്ഥം വീണ്ടും സൗഹൃദത്തിലെത്തിക്കുക എന്നതാണ്. മുമ്പേ ദുഷ്പ്രവർത്തികളാൽ മനസുകൊണ്ടു അകന്നവരും ശത്രുക്കളായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്ക്കളങ്കരും കുററമില്ലാത്തവരുമായി നിറുത്തേണ്ടതിനു അവൻ ഇപ്പോൾ തന്റെ ജഡ ശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു. തിന്മ അഥവാ പാപ സ്വഭാവം ആണ് മനുഷ്യരെ ദൈവത്തിൽ നിന്നും അകററിയതു (യെശയ്യാവ് 59:1-8). നിരപ്പിനു ശേഷം മനുഷ്യരും ദൈവവും വീണ്ടും സ്നേഹിതന്മാരായി തീർന്നു.

ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനായതു യേശുക്രിസ്തു ആണ്. ക്രിസ്തുവിനാലാണ് നമ്മെ ദൈവത്തോടു നിരപ്പിച്ചത്. ദൈവം, ക്രിസ്തു മുഖാന്തരം ലോകത്തെ തന്നോടു നിരപ്പിച്ചു എന്നാണ് വചനം പറയുന്നത്. ദൈവം ഒരുവൻ മാത്രം. ആ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥനും ഏകൻ തന്നെ. യേശുക്രിസ്തു തന്നെയാണ് മദ്ധ്യസ്ഥൻ (1 തിമൊഥെയൊസ് 2:5). അതിനായി അവന്റെ ശരീരം, രക്തം എന്നിവ നല്കി. ദൈവത്തിനു പ്രസാദകരമായ യാഗമായി തീർന്നതുകൊണ്ടാണ് നമുക്കു ദൈവത്തോടു അടുക്കുവാൻ അവസരം ലഭിച്ചത്. അതു മനുഷ്യർ ആരും മറക്കാതിരിക്കുന്നത് നന്നായിരിക്കും.

അപ്പൊസ്തലന്മാർ എല്ലാവരും സ്ഥാനാപതികളായിരുന്നു. നിരപ്പിന്റെ ശുശ്രൂഷക്കു അവർ തങ്ങളെത്തന്നെ കർത്താവിന്നു ഏല്പിച്ചു കൊടുത്തവരായിരുന്നു.

അവർ. ദൈവം മനുഷ്യർക്കു സാദ്ധ്യമാക്കി തീർത്ത നിരപ്പ് പ്രയോജനപ്പെടുവാൻ ചില നിബന്ധനകളും ദൈവം ഒരുക്കിയിട്ടുണ്ട്. അതാണ് സുവിശേഷം. രക്ഷിക്കുവാൻ ശക്തമായ ഒന്നാണ് ക്രിസ്തുവിന്റെ സുവിശേഷം (റോമർ 1:16). പാപത്തിനുള്ള ശിക്ഷ നാം അനുഭവിക്കാതിരിക്കുക എന്ന ഭാഗ്യാവസ്ഥ നിസാരമായ ഒന്നല്ല. ജീവനുള്ള ദൈവത്തിന്റെ കോപം ജ്വലിച്ചാൽ മനുഷ്യർ നശിച്ചുപോകും. കർത്താവു മനസലിവുള്ളവനായതുകൊണ്ടു അവന്റെ കരുണ നമുക്കു ലഭ്യമായി. അവൻ നമുക്കു വേണ്ടി മരണം സ്വയമായി ഏറ്റെടുത്തിട്ടില്ലായിരുന്നെങ്കിൽ നമുക്കു ദൈവത്തോടു ബന്ധപ്പെടുവാൻ കഴിയുമായിരുന്നില്ല. അതുകൊണ്ടാണ് അവൻ ഏക വഴിയായി തീർന്നതു. ആത്മിയ ജീവൻ ക്രിസ്തു മുഖാന്തരമാണ് മനുഷ്യർക്കു കിട്ടുന്നത്. ഏതൊരു വ്യക്തിക്കും വളരെ എളുപ്പം ദൈവ സന്നിധിയിൽ പ്രവേശിക്കാൻ കഴിയുന്നതു ക്രിസ്തു നിമിത്തമാണ്. വിയോജിപ്പ് നമ്മെ വേദനിപ്പിക്കുന്നെങ്കിൽ യോജിപ്പ് നമ്മെ സന്തുഷ്ടരാക്കും.

സുവിശേഷം അനുസരിക്കുവാൻ ആളുകളെ നിർബന്ധിക്കുന്നതിന്റെ കാരണം അവർ ദൈവത്തിന്റെ നിത്യശിക്ഷയിൽ അകപ്പെടാതിരിക്കണം (2 കൊരിന്ത്യർ 5:11). ദൈവത്തെയും ക്രിസ്തുവിനെയും അറിയാതെ ജീവിക്കുന്നവർ അറിയുന്നില്ല അവസാനം അവർക്കു എന്തു സംഭവിക്കുമെന്നു. അഗ്രിപ്പാ രാജാവിനോടു അപ്പൊസ്തലനായിരുന്ന പൌലൊസ് ദൈവിക സത്യം തുറന്നു പറഞ്ഞു. സുവിശേഷം കേട്ടശേഷം രാജാവിന്റെ പ്രതികരണം: നീ എന്നെ അല്പം കൊണ്ടു ക്രിസ്ത്യാനിയാക്കുവാൻ സമ്മതിപ്പിക്കുന്നു എന്നാണ്. രാജാവായാലും പ്രജയായാലും ക്രിസ്ത്യാനിയായി തീരാതെ രക്ഷയില്ല എന്ന സന്ദേശമാണ് പൌലൊസ് അറിയിച്ചത് (പ്രവൃത്തി 26:28). ഇന്നത്തെ ആധുനിക മനുഷ്യരേക്കാരം കാര്യം വ്യക്തമായി മന

സിലോക്കുവാൻ അന്നത്തെ അഗ്രിപ്പാ രാജാവിനു കഴിഞ്ഞു. അവൻ വചനം അപ്പോഴും അനുസരിച്ചില്ല.

ദൈവവും മനുഷ്യരും തമ്മിലുള്ള രഞ്ജിപ്പ് സംഭവിക്കുന്നതു എവിടെയാണ് ? അതു ക്രിസ്തുവിൽ ആണ് സാധിക്കുന്നത്. ദൈവ നീതിയും സ്നേഹവും ആ യാഗത്തിൽ തൃപ്തമാക്കപ്പെട്ടു. സഭയിൽ വെളിപ്പെടുത്തിയിരിക്കുന്ന സത്യത്തിൻെറ പരിജ്ഞാനം അതാണ്. എല്ലാവരേയും നിഷ്കളങ്കരും കുററമില്ലാത്തവരും ആക്കേണ്ടതിനു ക്രിസ്തുവിൻെറ മരണം അനിവാര്യമായിരുന്നു (എഫെസ്യർ 1:3; 2:15-16).

എപ്പോഴാണ് ദൈവത്തോട് ഉളള നിരപ്പ് സംഭവിക്കുന്നത് ? സുവിശേഷം അതു വ്യക്തമാക്കുന്നുണ്ട്. ദൈവവും മനുഷ്യരും വീണ്ടും സ്നേഹിതന്മാരായി തീരുമ്പോൾ ദൈവ സന്നിധിയിലേക്കു മനുഷ്യർ ഉയർത്തപ്പെടുന്നു. പൂർവ്വസ്ഥിതിയിലേക്കു ഒരു പാപി എങ്ങനെയാണ് ദൈവത്താൽ അംഗീകരിക്കപ്പെടുന്നത് ? ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോൾ ആ വ്യക്തി യേശുവിൻെറ യാഗത്തിൽ ബന്ധപ്പെടുന്നു. അതായതു അവൻെറ മരണം, ഉയിർപ്പ് എന്നിവയിൽ പങ്കു ചേരുന്നു. പാപമോചനത്തിനായുളള സ്നാനമേൽക്കുമ്പോൾ ആ വ്യക്തിയെ ദൈവം ക്രിസ്തുവിലൂടെ വിശുദ്ധീകരിക്കുന്നു (പ്രവൃത്തി 2:38; 22:16; റോമർ 6:1-4).

മനുഷ്യൻ ദൈവത്തിലേക്കുളള ദിശയിൽ സഞ്ചരിച്ചാലേ നിരപ്പ് പ്രാപിക്കയുളളൂ. മനുഷ്യ നിർമ്മിതമായ പ്രമാണങ്ങൾ ദൈവിക ദിശയിലേക്കല്ല നയിക്കുന്നത്. ദൈവ കല്പനകൾ മാത്രമാണ് മനുഷ്യരെ ദൈവത്തിലേക്കു അടുപ്പിക്കുന്നത്. ബൈബിൾ പറയുന്നതിനെ അവഗണിക്കാതെ അനുസരിച്ചാൽ അങ്ങനെയുളളവർ ദൈവ സന്നിധിയിൽ എത്തും.

★

# സൗമ്യനും എളിയവനുമായ രാജാവ്

### തോമസ്. ആർ.ഡി.

ഞാൻ സൗമ്യനും താഴ്മയുമുള്ളവൻ; എന്റെ അടുക്കൽ വരുന്നവർക്കു ആശ്വാസം ലഭിക്കും എന്നു കർത്താവു അരുളിച്ചെയ്തിരിക്കുന്നു (മത്തായി 11:29). ക്രിസ്തുവിലായി തീർന്നവർ എത്ര ഭാഗ്യവാന്മാർ ആണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. നമ്മുടെ ബലഹീനതയിൽ സഹതാപം കാണിക്കുവാൻ താല്പര്യമുള്ള ഒരു വ്യക്തി നമുക്കുള്ളതുകൊണ്ടു എത്ര ആശ്വാസമാണ് നമുക്കു ലഭിക്കുന്നതു എന്നതു സന്തോഷകരം തന്നെ. ദൈവം ജഡത്തിൽ വന്നു തന്നെത്താൻ വെളിപ്പെടുത്തി. അതോടൊപ്പം ദൈവത്തിൽ നിന്നകന്നു പോയ അകല്ച്ച ഇല്ലാതാക്കുവാൻ ഒരു പാലമായി തീർന്നു. നമുക്കു വീട്ടാനാവാത്ത കടം കൊടുത്തു തീർക്കുവാൻ തയ്യാറായ കർത്താവാണ് നമുക്കുള്ളത്. ഭാരം അസഹ്യമായി തീർന്നപ്പോൾ അവൻ അതു താങ്ങി നമ്മുടെ ഭാരം കുറച്ചു.

യേശു പൊതുവായി പറഞ്ഞതു: അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യനും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു. നിങ്ങൾക്കു അതു പിടി കിട്ടിയോ ? ആദ്യം അവൻ പറയുന്നു: ''എന്റെ അടുക്കൽ വരുവിൻ''. ക്ഷണം നല്കുകയാണ്. പിന്നീട് ചിലതു തുടരുകയും ആവർത്തിച്ച് ഉറപ്പിക്കയും ചെയ്യുന്നു. വാസ്തവത്തിൽ അദ്ധ്വാന ഭാരത്താൽ വലയുന്നവർക്കു അവരുടെ ഹൃദയത്തെ തൊട്ടുണർ

ത്തുന്ന പ്രസ്താവനയാണത്. ഈ വാഗ്ദാനം നല്കുന്ന ആളിൽ ആശ്രയിപ്പാൻ പറയുകയാണ്. നുകം, ഭാരം, എന്നതു സാധാരണ കർഷകർക്കു സുപരിചിതമാണ്. ഭാരം ലഘൂകരിക്കാമെന്ന ഉറപ്പ് അവൻ നല്കുന്നുണ്ട്. നിരാശയിൽ കഴിയുന്നവർക്കു ആശാവഹമായ ഒന്നാണിത്.

പിന്നീട് യേശു, തന്നെ കുറിച്ചു തന്നെ പറയുന്നതു ശ്രദ്ധിക്കുക. ''ഞാൻ സൗമ്യതയും താഴ്മയുമുള്ളവൻ''. മൃദുവായ സ്വഭാവം അവന്റെ ജീവിതത്തിൽ പലപ്പോഴും മാററമില്ലാതെ നിലനിന്നു. വൈകാരിക സന്ദർഭങ്ങളിൽ പോലും അതിനു മാററം സംഭവിച്ചിരുന്നില്ല. മററുള്ളവരുടെ വേദനയിലും ദുഃഖത്തിലും അവരെ ആശ്വസിപ്പിക്കുവാൻ, സഹതാപം കാണിക്കുവാൻ അഹങ്കാരമുള്ളവർക്കു കഴിയാറില്ല. ദിവ്യ സ്നേഹത്തിന്റെ ലക്ഷണമാണ് താഴ്മ. ഏതൊരു പ്രകോപനത്തെയും സംയമനത്തോടെ നേരിടുവാൻ സൗമ്യത വേണം. കർത്താവിനു അതിനു കഴിയുന്നു. അവന്റെ അടുക്കൽ എത്തുന്ന ആത്മാക്കൾക്കു അവൻ ആശ്വാസം നല്കും. മററാർക്കും നല്കാൻ കഴിയാത്ത വാഗ്ദാനമാണിത്. മഹാ ദൈവവും രക്ഷിതാവുമായ ക്രിസ്തുവിന്റെ മേന്മ ഔന്നത്യത്തിലെത്തിക്കുന്നതു ഈ സ്വഭാവമാണ്. എന്റെ ആവശ്യങ്ങളിൽ അവൻ സഹായവുമായി എത്തും. എനിക്കു നേരിടുന്ന പ്രതിസന്ധിയിൽ അവൻ പരിഹാരമായി എത്തുന്നു. എന്റെ ഹൃദയവും മനസും ഭാരം കൊണ്ടു തളരുമ്പോഠം ഞാൻ അവനിൽ ആശ്രയിക്കുമ്പോഠം അവൻ എന്നെ ശക്തിപ്പെടുത്തും. നാം അവനിൽ വസിച്ചാൽ അവന്റെ ഉപദേശങ്ങളും കല്പനകളും നമുക്കു ഒരിക്കലും കഠിനമായി തോന്നുകയില്ല.

നിങ്ങഠം അവഗണിക്കപ്പെടുമ്പോഠം, നിരാശപ്പെടുമ്പോഠം, നഷ്ടബോധം സംഭവിക്കുമ്പോഠം, പരാജയഭീതി നിങ്ങളെ അലട്ടുമ്പോഠം, എനിക്ക് ആരുമില്ലെന്നു തോന്നുമ്പോഠം തരം താഴ്ത്തപ്പെടുമ്പോഠം, ഒററപ്പെടുത്തുമ്പോഠം, എല്ലാം പ്രതികൂലമെന്നു കരുതുമ്പോഠം നിങ്ങഠം ചെയ്യേ

ങ്ങതു ശക്തനായ ക്രിസ്തുവിൽ ആശ്രയിക്കുക. അവ ൻ നിങ്ങളെ ഉയർത്തും; സഹായിക്കും; പ്രത്യാശ നല്കും. സമൃദ്ധമായി നിങ്ങൾ അനുഗ്രഹിക്കപ്പെടും. പക്ഷെ നി ങ്ങൾ വിശ്വസിക്കുന്നതു താല്ക്കാലികമാകരുത്. അവൻ കല്പിച്ചിരിക്കുന്ന പ്രമാണങ്ങൾ അനുസരിക്കുവാൻ മന സുവെക്കണം. അങ്ങനെയായാൽ നമ്മുടെ ബലഹീനതകൾ ക്കു തുണ നില്ക്കുവാൻ കഴിവുള്ള വലിയൊരു മഹാ പു രോഹിതൻ നമുക്കുണ്ട് (എബ്രായർ 4:15). അവൻ നിങ്ങ ളെ ഒരിക്കലും ഉപേക്ഷിക്കയോ തള്ളിക്കളയുകയോ ചെയ്യുക യില്ല. നമ്മുടെ അറിവിനപ്പുറമായ ദൈവിക ജ്ഞാനത്താ ൽ ദൈവത്തെ അറിഞ്ഞു ജീവിക്കുക. കർത്താധി കർത്താ വും രാജാധി രാജാവും നമുക്കു വേണ്ടി എന്നേക്കും ജീവി ക്കുന്നു എന്നതു മറക്കാതിരിക്കുക.

*

# ദൈവം അവനെ വീട്ടിലേക്കു ക്ഷണിച്ചു

ഗ്ലെൻ കോളെ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ദൈവം തീരുമാനിക്കുമ്പോൾ മാത്രമെ മരണം സംഭ വിക്കയുള്ളു എന്ന നിഗമനത്തിലെത്തുമ്പോൾ ആരോഗ്യ ത്തെ നശിപ്പിക്കുന്ന പലതിൽ നിന്നു വിട്ടുനില്ക്കുന്നതു എന്തുകൊണ്ടാണ് ? പുകയില, ചാരായം തുടങ്ങിയ വസ് തുക്കൾ നമ്മുടെ ആരോഗ്യത്തെ ബാധിക്കും എന്നു നമുക്ക റിയാം. അതുകൊണ്ടാണല്ലൊ നാം അതിൽ നിന്നു ഒഴി ഞ്ഞു നില്ക്കുന്നത്. രോഗം വരുമ്പോൾ നാം ഡോക്ട റെ കണ്ടു ചികിത്സ നടത്തുന്നു. ഇല്ലെങ്കിൽ മരണം സംഭ വിക്കുമെന്നോ രോഗം മാറുകയില്ല എന്നോ നാം വിശ്വസി ക്കുന്നു. ഡോക്ടറില്ലാതിരുന്നെങ്കിൽ എന്റെ ഭാര്യയുടെ

ജീവൻ തിരിച്ചു കിട്ടുകയില്ലായിരുന്നുവെന്നു ഒരു ഭർത്താവു പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. അതിന്റെ അർത്ഥമെന്താണ്? ഭൂമിയിലെ ആ സ്ത്രീയുടെ ആയുസ്സ് നീട്ടി കിട്ടി എന്നതാണ്.

ഈ ഭൂമിയിൽ നാം ജീവിക്കേണ്ടതിനാണല്ലോ ദൈവം നമ്മെ ഇവിടെ ആക്കിയത്. പക്ഷെ മനുഷ്യരുടെ പല നശീകരണ പ്രവർത്തികൾ നിമിത്തം അന്തരീക്ഷം മലിനമായി തീരുന്നതുകൊണ്ടു പലരും അകാലത്തിൽ മരണമടയുന്നുണ്ട്. അതുപോലെ വിഷമദ്യം കഴിച്ച് പലരും മരിക്കയുണ്ടായി. അതിനു ദൈവത്തെ പഴിച്ചിട്ടു കാര്യമില്ലല്ലോ. അവരുടെ പ്രവർത്തികൾ അതിനു കാരണമായി തീർന്നു. അപ്പോൾ നമ്മുടെ സ്വാധീന ശക്തി മനുഷ്യന്റെ മരണത്തിൽ ഉണ്ട് എന്ന കാര്യം സമ്മതിച്ചേ തീരു. എന്നാൽ ദൈവത്തിനു ഇതെല്ലാം അറിയാം.

രണ്ടാമതായി ചിലതു ചെയ്തുകൊണ്ടു ആളുകൾ തങ്ങളുടെ ജീവിതം അവസാനിപ്പിക്കാറുണ്ട്. യുവാവായ മകൻ മരിച്ച ദുഃഖത്തിൽ ആണ്ടുകിടക്കുന്ന വൃദ്ധനായ പിതാവിനോട് ഒരാൾ പറഞ്ഞു: ''ദൈവം അവനെ അങ്ങു വിളിച്ചു''. അവൻ അർദ്ധരാത്രിയിൽ വീട്ടിൽ കിടന്നുറങ്ങുന്നതിനു പകരം രാത്രി സഞ്ചാരത്തിനു പോയതുകൊണ്ടു അപകടത്തിൽ പെട്ടു മരിച്ചതാണ്. എന്നിട്ടും പറയുന്നതു ദൈവം അവനെ അങ്ങു വിളിച്ചു എന്നാണ്. മനുഷ്യർ ആലോചിക്കാതെ പറയുന്ന പല കാര്യങ്ങളിൽ ഒന്നാണിത്. അവൻ ശരിയായതു ചെയ്തിരുന്നെങ്കിൽ ഇത്തരം ഒരു ദാരുണ മരണം സംഭവിക്കുമായിരുന്നില്ല.

ചിലപ്പോൾ ആളുകൾ മരണത്തെ സ്വയം വരിക്കാറുണ്ട്. പല രീതിയിൽ ആളുകൾ ആത്മഹത്യ ചെയ്യുന്നു (പ്രവൃത്തി 1:18). ഒരു കുപ്പി വിഷവുമായി മുറിക്കുള്ളിൽ കയറി വാതിലടച്ച് ഇരിക്കുന്ന ഒരാൾക്ക് വേണമെങ്കിൽ നിമിഷങ്ങൾക്കകം അതു വലിച്ചു കുടിച്ചു മരിക്കാം.

★

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

| | |
|---|---|
| NGLISH - | The Voice of Truth - Speakers: **Reggi Gnanasundaram** and **J.C. Choate** Fridays: 7.45 to 8.00 p.m.<br>All Correspondence should be sent to The Voice of Truth Post Box. 3815 New Delhi-110 049 |
| INDI - | Sathya Susamachar. Speaker - **Sunny David**<br>All Correspondence should be sent to<br>Sathya Susamachar,<br>Post Box. 3815 New Delhi- 110 049<br>Sundays: 8.45 to 9.00 p.m<br>Thursdays: 9.00 to 9.15 p.m. |
| ANNADA - | The Voice of Truth. Speaker - **Robert Rathnakar**<br>Box. 448, Bangalore - 560 004<br>Sundays: 1.45 to 2.00 pm. |
| IALAYALAM - | The Voice of Truth. Speaker - **P.K. Varghese**<br>All Correspondence should be sent to Church of Christ,<br>Post Box. 5540<br>Trivandrum 695 034, Kerala, India |
| AMIL - | The Way of Truth. Speaker- **P.R.Swamy**<br>All Correspondence should be sent to The way of Truth,<br>Post Box 8405<br>Bangalore - 560 084 |
| ELUGU - | The Voice of Truth. Speaker- **Joshua Gootam**<br>All Correspondence should be sent to<br>The Voice of Truth, Post Box. 80, Kakinada 533 001<br>Sundays: 2.00 to 2.15 p.m.<br>Mondays: 2.00 to 2.15 p.m.<br>Tuesdays: 2.00 to 2.15 p.m.<br>Wednesdays: 2.00 to 2.15 p.m |

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian literatures are available in these ifferent languages from the addresses listed. Also Radio sermons are available in ook form.

---

Edited, Printed and Published by P.K. Varghese Church of Christ Trivandrum.
'rinted at Joshah Printers, Trivandrum.

Reg:No.K.Dis 90095/86/ A8, Regd. No.KL/TV (N)22

JOIN US FOR WORSHIP
THE CHURCH OF CHRIST MEETS

To Worship

at Y M C A
SUNDAY at 10 A.M

For Bible Study

T.C.27/218, Thampuranmukku
Trivandrum-7
ALL ARE WELCOME

All correspondence should be sent to the Editor
Bible Truth, Church of Christ, Trivandrum - 34, Kerala, South In

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To